# മൗനത്തിന്റെ ആത്മീയതയിൽ ജീവിതം നയിക്കുക : മാർ പോളിക്കാർപ്പോസ്

റാന്നി : സഭാ പിതാക്കന്മാർ കാട്ടിത്തന്ന വഴികളിലൂടെ മൗനത്തിന്റെ ആത്മീയതയിൽ അധിഷ്ഠിതമായ ജീവിതം നയിക്കുവാൻ കഴിയണമെന്ന് അഖില മലങ്കര യുവജനപ്രസ്ഥാനം പ്രസിഡന്റ് അഭിവന്ദ്യ യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റ 2016-17 വർഷത്തെ പ്രവർത്തനോദ്ഘാടനം കാട്ടൂർ സെന്റ് മേരീസ് വലിയപള്ളിയിൽ നിർവ്വഹിക്കുകയായിരുന്നു അഭിവന്ദ്യ തിരുമേനി. നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ മൗനത്തിന്റെ സൗന്ദര്യം, വനാന്തരങ്ങളിലെ സുവിശേഷം എന്നീ പുസ്തകങ്ങളുടെ പ്രകാശനവും സമ്മേളനത്തിൽ വച്ച് നിർവ്വഹിച്ചു. പരവൂർ വെടിക്കെട്ട് അപകടത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നിയമ രൂപീകരണം നടത്തണമെന്ന് സർക്കാരിനോട് പ്രമേയത്തിൽ ആവശ്യപ്പെട്ടു. സഭയിലെ പള്ളികളിൽ വെടിക്കെട്ട് നിർത്തലാക്കിയ പരിശുദ്ധ കാതോലിക്കാ ബാവായുടെ തീരുമാനത്തിന് സമ്മേളനം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി റവ.ഫാ.പി.വൈ.ജെസ്സൻ പ്രവർത്തന രൂപരേഖ അവതരിപ്പിച്ചു. ഈ വർഷത്തെ മുഖ്യചിന്താവിഷയമായ ''മൗനത്തിന്റെ സൗന്ദര്യം'' എന്ന വിഷയത്തെപ്പറ്റി ചർച്ച നടന്നു. നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനം വൈസ്പ്രസിഡന്റ് റവ.ഫാ.യൂഹാനോൻ ജോൺ ചർച്ചയ്ക്ക് നേതൃത്വം നൽകി. പ്രസ്ഥാനം കേന്ദ്ര വൈസ്പ്രസിഡന്റ് റവ.ഫാ.ഫിലിപ്പ് തരകൻ, നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, ഇടവക വികാരി റവ.ഫാ.ഗീവർഗീസ് പൊന്നോല, പ്രസ്ഥാനം കേന്ദ്ര ട്രഷറർ ശ്രീ. ജോജി പി.തോമസ്, റീജിയണൽ സെക്രട്ടറി അഡ്വ.നോബിൻ അലക്സ് സഖറിയ, നിലയ്ക്കൽ ഭദ്രാസന യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറി ശ്രീ.അനു വടശ്ശേരിക്കര, ജോയിന്റ് സെക്രട്ടറി മിന്റ മറിയം വർഗീസ് തുടങ്ങിയവർ പ്രസംഗിച്ചു.